ഭരണഭാഷ - മാതൃഭാഷ


തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in


**നം. ഡിബി3-753/2013/സിഇ/തസ്വഭവ** **തീയതി 01/02/2021**

# പരിപത്രം

സൂചന : 07.01.2021-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗ തുടർ നടപടി ഇനം. 2.5 (3.5)

കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ത്രിതല പഞ്ചായത്തുകൾ എന്നീ തസ്വഭവ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പുരോഗതി ഈ കാര്യാലയത്തിൽ നിന്നും അവലോകനം ചെയ്യുകയും, പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിനും, പരമാവധി ധനവിനിയോഗം സാധ്യമാകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു.

സാങ്കേതികാനുമതി ലഭിക്കാനുള്ള പ്രവൃത്തികൾക്ക് അതിവേഗം സാങ്കേതികാനുമതി നേടേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളിലെ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിനെ സംബന്ധിച്ച് അതാത് ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അവലോകനം നടത്തണം. കൂടാതെ നിയമാനുസൃതമായ നടപടികൾ പാലിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് അതിവേഗം പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം.

പൂർത്തിയായിട്ടുള്ള പ്രവൃത്തികളുടെ ബില്ലുകൾ കാലതാമസം കൂടാതെ തയ്യാറാക്കി തുക നൽകാനുള്ള നടപടികൾ സ്വീകരിക്കണം. പാർട്ട് ബിൽ നൽകാൻ കഴിയുന്ന പ്രവൃത്തികളുടെ പരമാവധി പാർട്ട് ബില്ലുകൾ പേയ്മെന്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നിർദ്ദേശം നൽകിക്കൊള്ളുന്നു.

**ചീഫ് എഞ്ചിനീയർ**

P 138